# പോലീസ് വകുപ്പ്

# കേരളം

**No.H2-44719/2023/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
✆04962523031
തീയതി.13-06-2024

**DO No. 330/2024/ഡി ആർ**

വിഷയം : അച്ചടക്കനടപടി:- ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ (PEN 569793), സിവിൽ പോലിസ് ഓഫീസർ D 10150, വടകര പി.എസ് എന്നവർക്കെതിരെയുള്ള വാക്കാലല്ലാത്ത അന്വേഷണം (H2/PR- 07/2023/DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കല്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1) 24/08/2023 തിയ്യതിയിലെ H2/44719/2023/DR നമ്പർ ഉത്തരവ്
2) പോലീസ് ഇൻസ്പെക്ടർ, എടച്ചേരി.പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 20/12/2023 തിയ്യതിയിലെ H2/44719/2023/DR നമ്പർ നോട്ടീസ് (പി.ആർ മിനുറ്റ്സ് സഹിതം)
4) ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ ഹാജരാക്കിയ 09/01/2024 തിയ്യതിയിലെ മറുപടി
5) 19/03/2024 തിയ്യതിയിലെ H2/44719/2023/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ ഹാജരാക്കിയ 05/04/2024 തിയ്യതിയിലെ മറുപടി

**ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ (PEN 569793), സി.പി.ഓ 10150** എന്നവർ വടകര പോലീസ് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്ത് വരെ മേപ്പയ്യൂർ പി.എസ്സിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ.89/2023 U/s 447,341,323,324 r/ w 34 IPC കേസിൽ പ്രതിയാവുക വഴി പോലീസ് സേനക്ക് മൊത്തത്തിൽ അവമതിപ്പ് ഉണ്ടാക്കിയതായി വ്യക്തമായതിനെ തുടർന്ന് പോലീസ് ഇൻസ്പെക്ടർ, എടച്ചേരി പി.എസ്സിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് കൊണ്ട് സൂചന ഒന്ന് പ്രകാരം ടിയാനെതിരെ ഒരു വാക്കാലന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ ഒരു പകർപ്പ് ടിയാന് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നൽകിയിട്ടുള്ളതുമാണ്.

ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ എന്നവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ വ്യക്തമാവുകയും, ആയതിനെതിരെ ടിയാൻ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും, അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് യോജിച്ച് കൊണ്ട് ടിയാന്റെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും, ടിയാന് സൂചന 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സൂചന 6 പ്രകാരം ടിയാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ചുവെങ്കിലും ആയത് തൃപ്തികരമല്ല.

എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദു സമീപനം സ്വീകരിച്ച് കൊണ്ട് ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ എന്ന താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി **ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ (PEN 569793), സി.പി.ഓ 10150 എന്നവരുടെ അടുത്ത വാർഷിക വേതന വർദ്ധനവ് അടുത്ത ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം ടിയാന് ബഹു.കണ്ണൂർ റേഞ്ച്

ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്

13-06-2024

ഡോ അരവിന്ദ് സുകുമാർ ഐ പി എസ്,

ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | ശ്രീ.ശ്രീജിത്ത് കുമാർ.എം.കെ (PEN 569793), സി.പി.ഓ 10150 എന്നവർക്ക് എസ്.എച്ച്.ഓ, വടകര പി.എസ് മുഖാന്തിരം |
| പകർപ്പ് | : | 1) എസ്.എച്ച്.ഓ, വടകര പി.എസ് (3 പകർപ്പുകൾ )-നടത്തിപ്പിനും, തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും<br>2) അഡിഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി<br>3) എ1 മുതൽ എ5 B, ബി1 മുതൽ ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി<br>4) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ |

iAPS Internal Administrative Processing System KERALA POLICE